

തൃക്കാക്കര നഗരസഭയിലെ വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കുന്ന ‘ഒരുക്കം 2023’ ഉമ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. കലക്ടർ എൻ.എസ്.കെ.ഉമേഷ്, കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ, നഗരസഭാധ്യക്ഷ രാധാമണി പിള്ള തുടങ്ങിയവർ സമീപം.

# തൃക്കാക്കര നഗരസഭ: ‘ഒരുക്കം 2023’ തുടങ്ങി

കാക്കനാട് ● തൃക്കാക്കര നഗരസഭയിലെ വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കുന്ന ‘ഒരുക്കം 2023’ ഉമ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

അജൈവ മാലിന്യം ശേഖരിക്കാൻ വാങ്ങിയ 7 ഹൈഡ്രോളിക് ഓട്ടോറിക്ഷകളുടെ താക്കോൽ കലക്ടർ എൻ.എസ്.കെ.ഉമേഷ് ഹരിതകർമ സേനയ്ക്കു കൈമാറി. മാലിന്യ സംസ്കരണ ബോധവൽക്കരണത്തിനായി നഗരസഭയും ഭാരതമാത കോളജും തമ്മിൽ ഒപ്പുവച്ച ധാരണാ പത്രം കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ ഭാരതമാത കോളജ് സമൂഹിക പ്രവർത്തന വിഭാഗം മേധാവി ഷീന ഫിലിപ്പിന് കൈമാറി. ബോധവൽക്കരണ വിഡിയോ നടൻ വിഷ്ണു അഗസ്ത്യ പ്രകാശനം ചെയ്തു. നഗരസഭാധ്യക്ഷ രാധാമണി പിള്ള അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ പി.എം.യൂനുസ്, സ്ഥിര സമിതി ചെയർമാൻമാരായ നൗഷാദ് പല്ലച്ചി, ഉണ്ണി കാക്കനാട്, സ്മിത സണ്ണി, സുനീറ ഫിറോസ്, നഗരസഭ പ്രതിപക്ഷ നേതാവ് എം.കെ.ചന്ദ്രബാബു, ശുചിത്വ മിഷൻ ജില്ലാ പ്രോഗ്രാം ഓഫിസർ ധന്യ റോണി, ഹരിതകർമ സേനാംഗം ലിസി ജോയ് തുടങ്ങിയവർ പ്രസംഗിച്ചു.

Manorama - 09/10/23